Vol-2,Issue-12
09-04- 2008

*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25, ph: 0484 2806262, kcbcshv@gmail.com

**Commission Chairman**
Rt. Rev. Dr. Stanley Roman
**Commission Secretary**
Fr. Johny Kochuparambil MST

# ജാഗ്രത

**Vice-Chairmen**
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

**പ്രധാന വാർത്തകൾ**

01. ന്യൂനപക്ഷ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് ലഭ്യമാക്കുന്നതിൽ സംസ്ഥാനസർക്കാർ പരാജയപ്പെട്ടു.
02. വിദ്യാഭ്യാസത്തിന്റെ സമസ്ത മേഖലകളും കൈയ്യടക്കാൻ ശ്രമം: മാർ ജോസഫ് പൗവ്വത്തിൽ
03. തീ കൊണ്ട് കളിക്കരുതെന്ന് സർക്കാരിനോട് മാർ ബസേലിയോസ് ക്ലീമിസ്
04. സ്വാശ്രയ മെഡിക്കൽ ഫീസ്: കോടതിയെ സമീപിക്കുന്നത് വൈകിപ്പിക്കാൻ നീക്കം.
05. കത്തോലിക്കരുടെ എണ്ണം വർദ്ധിച്ചു.
06. മദ്യനയത്തിനെതിരെ സെക്രട്ടേറിയത്തിനു മുന്നിൽ ഉപവാസം.
07. സി.ബി.എസ്.ഇ സ്കൂളുകളിൽ തുടങ്ങാൻ സംസ്ഥാന അനുമതി വേണ്ട.

**01. ന്യൂനപക്ഷ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് ലഭ്യമാക്കുന്നതിൽ സംസ്ഥാന സർക്കാർ പരാജയപ്പെട്ടു:** ഐക്യ-ജാഗ്രതാ കമ്മീഷൻ

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നസംസ്ഥാനത്തെ സമർത്ഥരായ ന്യൂനപക്ഷ വിദ്യാർത്ഥികളുടെ ഉന്നതവിദ്യാഭ്യാസത്തിനു കേന്ദ്രസർക്കാർ അനുവദിച്ച ധനസഹായം സ്വീകരിക്കുവാനോ സ്കോളർഷിപ് സ്കീം നടപ്പാക്കാനോ സംസ്ഥാന സർക്കാർ ശ്രമിക്കുന്നില്ലെന്ന് കെ.സി.ബി.സി ഐക്യ-ജാഗ്രതാ കമ്മീഷൻ സെക്രട്ടറി ഫാ. ജോണി കൊച്ചുപറമ്പിൽ പ്രസ്താവനയിൽ പറഞ്ഞു. കേന്ദ്ര സർക്കാർ ഉന്നതവിദ്യാഭ്യാസത്തിന് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് 20,000 രൂപയാണ് ഒരു വർഷത്തേക്ക് സ്കോളർഷിപ്പായി നീക്കിവച്ചിരിക്കുന്നത്. കേന്ദ്രസർക്കാർ വിജ്ഞാപനം വന്ന് മാസങ്ങൾ കഴിഞ്ഞിട്ടും അപേക്ഷ സമർപ്പിക്കുവാൻ സംസ്ഥാന സർക്കാർ ശ്രമിച്ചിട്ടില്ല- കമ്മീഷൻ സെക്രട്ടറി പറഞ്ഞു. നിർദ്ധനരായ ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് 20,000 രൂപ സ്കോളർഷിപ്പും ഹോസ്റ്റൽ ഫീസായി 10,000 രൂപായും ഹോസ്റ്റൽ സൗകര്യം ഉപയോഗിക്കാത്ത വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പിനു പുറമേ 5,000 രൂപയുമാണ് ഒരു വർഷം ലഭിക്കുക.

കേരളത്തിൽ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട മുസ്ലീം-ക്രിസ്ത്യൻ വിഭാഗത്തിൽ 1,469 വിദ്യാർത്ഥികൾക്കാണ് ഇത്തരത്തിൽ സ്കോളർഷിപ്പ് അനുവദിച്ചിരിക്കുന്നത്. ഇതിൽ 830 മുസ്ലീം വിദ്യാർത്ഥികളും 639 ക്രിസ്ത്യൻ വിദ്യാർത്ഥികളും അർഹരാണ്. രണ്ടരലക്ഷം രൂപയിൽ താഴെ വാർഷികവരുമാനമുള്ള വിദ്യാർത്ഥികളാണ് ഇതിനർഹരായിട്ടുള്ളവർ. സംസ്ഥാനസർക്കാരിന്റെ അനാസ്ഥ മൂലം നിർദ്ധനരായ ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് അർഹമായ കേന്ദ്ര സർക്കാർ സ്കോളർഷിപ്പ് നഷ്ടമായിക്കൊണ്ടിരിക്കുകയാണ്. വിദ്യാഭ്യാസ മേഖലയിൽ സാമൂഹ്യ നീതിയും പ്രതിബദ്ധതയും കൊട്ടിഘോഷിക്കുന്ന സംസ്ഥാന സർക്കാർ സംസ്ഥാനത്തെ നിർദ്ധനരായ ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് കേന്ദ്രസഹായം നേടികൊടുക്കുവാൻ തയ്യാറാവണം. കേന്ദ്രസഹായം ലഭിക്കേണ്ട പല മേഖലയിലും ആനുകൂല്യം സ്വീകരിക്കുവാനുള്ള നടപടികൾ സംസ്ഥാന സർക്കാർ സ്വീകരിക്കുന്നില്ലായെന്നത് പ്രതിഷേധാർഹമാണെന്ന് കെ.സി.ബി.സി ഐക്യ-ജാഗ്രതാ കമ്മീഷൻ സെക്രട്ടറി ഫാ. ജോണി കൊച്ചുപറമ്പിൽ പറഞ്ഞു.

**02. വിദ്യാഭ്യാസത്തിന്റെ സമസ്ത മേഖലകളും കൈയടക്കാൻ ശ്രമം: മാർ ജോസഫ് പവ്വത്തിൽ**

(ദീപിക 29-03-2008)

വിദ്യാഭ്യാസത്തിന്റെ സമസ്ത മേഖലകളും കൈയടക്കാനാണു സർക്കാർ ശ്രമിക്കുന്നതെന്ന് ആർച്ച് ബിഷപ് മാർ ജോസഫ് പൗവ്വത്തിൽ. രഹസ്യ അജൻഡ നടപ്പാക്കാൻ സർക്കാർ വിദ്യാർത്ഥികളെ കയറൂരിവിട്ട് ഇടതുപ്രസ്ഥാനങ്ങളേയും പോഷകസംഘടനകളെയും പ്രബലപ്പെടുത്തുകയാണ്- അദ്ദേഹം കൂട്ടിച്ചേർത്തു. നിരീശ്വരത്വവും ക്രിസ്തീയവിശ്വാസവും എന്ന വിഷയത്തിൽ പാലാ രൂപത സംഘടിപ്പിച്ച ദ്വിദിന സിംപോസിയം പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മാർ ജോസഫ് പൗവ്വത്തിൽ. വിദ്യാലയങ്ങൾ കൈപ്പിടിയിലൊതുക്കാൻ വാക്കാൽ നിരവധി നിർദ്ദേശങ്ങൾ സർക്കാർ ബന്ധപ്പെട്ടവർക്കു രഹസ്യമായി നൽകികൊണ്ടിരിക്കുകയാണ്. മാനേജ്മെന്റിന്റെ ഭരണഘടനാപരമായ അവകാശങ്ങൾ ചോദ്യം ചെയ്യപ്പെടുന്നു. നിയന്ത്രണം എന്ന വാക്കല്ലാതെ വിദ്യാഭ്യാസരംഗത്തെ നവീകരണത്തെക്കുറിച്ചോ വളർച്ചയെക്കുറിച്ചോ കേൾക്കാനില്ല-ആർച്ച് ബിഷപ് കുറ്റപ്പെടുത്തി.

പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് അധ്യക്ഷനായിരുന്നു. മാർ ജോസഫ് പള്ളിക്കാപറമ്പിൽ, ഡോ. എ.ടി ദേവസ്യ, ജോൺ കച്ചിറമറ്റം, കെ.എം ചുമ്മാർ തുടങ്ങിയവർ പങ്കെടുത്തു. കമ്യൂണിസം ഒരു താത്വിക അവലോകനം, സഭയുടെ സാമൂഹികപ്രബോധനങ്ങൾ എന്നീ വിഷയങ്ങളിൽ പ്രഫ. കെ.എം ഫ്രാൻസിസും കമ്യൂണിസ്റ്റ് രാഷ്ട്രീയത്തിന്റെ കപടമുഖങ്ങൾ എന്ന വിഷയത്തിൽ റവ. ഡോ. ജോസഫ് തടത്തിൽ എന്നിവർ നേതൃത്വം നൽകി. സിംപോസിയത്തിന്റെ രണ്ടാം ദിവസം ഡോ. എം.ജി.എസ് നാരായണൻ കമ്യൂണിസം- ചരിത്ര അവലോകനം എന്ന വിഷയത്തിലും ഡോ. കുര്യാക്കോസ് കുമ്പളക്കുഴി വിദ്യാഭ്യാസമേഖലയിലെ കമ്യൂണിസ്റ്റ് അധിനിവേശങ്ങൾ എന്ന വിഷയത്തിലും ഫാ. മാത്യു ചന്ദ്രൻകുന്നേൽ സഭയും രാഷ്ട്രീയവും എന്ന വിഷയത്തിലും ക്ലാസുകൾ നയിച്ചു. ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് സമാനപന സന്ദേശം നൽകി.

**03. തീകൊണ്ട് കളിക്കരുതെന്നു സർക്കാരിനോട് മാർ ബസേലിയോസ് ക്ലിമ്മീസ്**

(മലയാള മനോരമ 31-03-2008)

തീ കൊണ്ടുള്ള കളി അവസാനിപ്പിക്കണമെന്നു സർക്കാരിനേയും സിപിഎമ്മിനോടും മേജർ ആർച്ച് ബിഷപ് മാർ ബസേലിയോസ് ക്ലിമ്മീസ് കാതോലിക്കാ ബാവ. തിരുവല്ല മാർ അത്തനാസിയോസ് കോളേജ് വിദ്യാർത്ഥിനി ആത്മഹത്യ ചെയ്തതിനെ തുടർന്നു കോളേജിനു നേരെയുണ്ടായ ആക്രമണത്തിൽ പ്രതിഷേധിച്ചു ലൂർദ് പള്ളിയിൽ ചേർന്ന യോഗത്തിലാണു മേജർ ആർച്ച് ബിഷപ് സർക്കാരിനെ രൂക്ഷമായി വിമർശിച്ചത്.സർക്കാരിനെയും സിപിഎമ്മിനെയും രൂക്ഷമായി വിമർശിക്കുന്ന പ്രമേയം യോഗം പാസാക്കി. 'ഭരണത്തിന്റെ തണലിൽ സഭയെയും സഭാസ്ഥാപനങ്ങളെയും തകർക്കാൻ ശ്രമിക്കുന്ന സിപിഎമ്മിന്റെ നികൃഷ്ടമായ പ്രവർത്തനത്തിനെതിരായ ശക്തമായ മുന്നറിയിപ്പാണ് ഈ ക്രൈസ്തവ കൂട്ടായ്മ. പൗരാവകാശങ്ങൾ സംരക്ഷിക്കാൻ പ്രതിജ്ഞാബദ്ധമായ സർക്കാർ, ഗുണ്ടാവിളയാട്ടത്തിനു കൂട്ടുനിൽക്കുന്നത് അപലപനീയമാണ്. ന്യൂനപക്ഷവിദ്യാഭ്യാസ സ്ഥാപനങ്ങളെ ഇല്ലായ്മ ചെയ്യാൻ കുട്ടിപ്പട്ടാളത്തെ ഇറക്കിവിട്ടിട്ടു ന്യൂനപക്ഷ സ്നേഹം വാതോരാതെ പ്രസംഗിക്കുന്ന മാർക്സിസ്റ്റ് നേതാക്കളുടെ പൊയ്മുഖം വ്യക്തമാണ്'.

'ഭരണ പിൻബലത്തിന്റെയും കൈക്കരുത്തിന്റെയും മറവിൽ എന്തുമാകാമെന്നു തെറ്റിദ്ധരിച്ചിരിക്കുന്ന കുട്ടിസഖാക്കളെ നിലയ്ക്കു നിർത്താൻ പാർട്ടി നേതൃത്വം തയാറാകണം. ക്രൈസ്തവരുടെ ആത്മസംയമനവും സഹിഷ്ണുതയും ബലഹീനതയായി ആരും കരുതേണ്ട......': പ്രമേയം പറയുന്നു. ആത്മഹത്യയെ ആഘോഷമാക്കാനുള്ള ഗൂഢതന്ത്രം ജനം തിരിച്ചറിയുന്നുണ്ടന്നു മേജർ ആർച്ച് ബിഷപ് പറഞ്ഞു. ഇതുവഴി തെളിയുന്നതു മരിച്ച കുട്ടിയുടെ കുടുംബത്തോടുള്ള അനുഭാവമാണോ സഭയ്ക്കെതിരായ നീക്കമാണോ എന്ന് ആശങ്കയുണ്ട്. കുട്ടനാട്ടിൽ കഴിഞ്ഞ ദിവസം ആത്മഹത്യ ചെയ്ത പുഷ്കരനുവേണ്ടി എന്തേ ആരും രംഗത്തു വരാത്തത്? ഈ പാവപ്പെട്ട കർഷകന്റെ ജീവനു വിലയില്ലേ? കുട്ടനാട്ടിൽ മാനേജരും പ്രിൻസിപ്പലും ഇല്ലല്ലോ, ആരുടെ പേരിൽ കേസെടുക്കാൻ പോകുന്നു? ഓരോ വിഭാഗത്തോടും ഓരോ സമുദായത്തോടും ഓരോ നീതി എന്ന സർക്കാരിന്റെ ക്രമീകരണം ജനങ്ങൾ തിരിച്ചറിയുകയാണ്.

സഭയുടെ സേവനത്തെ അംഗീകരിച്ചില്ലെങ്കിലും ആക്രമിക്കരുത്. ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകേണ്ട സർക്കാർ അതിനു വീഴ്ച വരുത്തി. ഒരു വിദ്യാഭ്യാസസ്ഥാപനം ഗുണ്ടാസംഘം അടിച്ചു തകർത്തിട്ടു മന്ത്രിമാരോ നേതാക്കളോ പ്രതികരിച്ചിട്ടില്ല. എന്തെങ്കിലും അപരാധം സംഭവിച്ചിട്ടുണ്ടിങ്കിൽ പരിഹാരം കാണാൻ കോടതിയും നീതിന്യായസംവിധാനവുമുണ്ട്. ഓരോ വിഭാഗങ്ങൾ നിയമം കയ്യിലെടുക്കാൻ തുടങ്ങിയാൽ അത് അപകടമാവും. തീ കൊണ്ടുള്ള കളിയിൽ നിന്നു പിന്മാറണം. സഹനം ദൗർബല്യമായി കാണരുത്; മേജർ ആർച്ച് ബിഷപ് മുന്നറിയിപ്പ് നല്കി.

### 04. സ്വാശ്രയ മെഡിക്കൽ ഫീസ്: കോടതിയെ സമീപിക്കുന്നത് വൈകിപ്പിക്കാൻ നീക്കം.

(ദീപിക 06-04-2008)

ആറ് സ്വാശ്രയ മെഡിക്കൽ കോളേജുകൾക്കായി വാർഷിക ഫീസ് നിശ്ചയിച്ച ജസ്റ്റിസ് പി.എ മുഹമ്മദ് കമ്മിറ്റി ഉത്തരവ് രേഖാമൂലം സ്വാശ്രയ കോളേജുകൾക്കു ഇതുവരെയും നൽകിയില്ല. മാനേജ്മെന്റുകൾക്ക് ഉത്തരവ് നൽകാൻ വൈകുന്നതിനു പിന്നിൽ കോടതി നടപടികളെക്കുറിച്ചുള്ള ഭയമാണു കാരണമെന്ന് ആക്ഷേപം ഉയർന്നിട്ടുണ്ട്. രേഖാമൂലം ഫീസ് നിശ്ചയിച്ച ഉത്തരവ് കൈമാറുകയാണെങ്കിൽ മുഹമ്മദ് കമ്മിറ്റിയുടെ നിർദ്ദേശത്തിനെതിരായി മാനോജ്മെന്റുകൾക്ക് കോടതിയെ സമീപിക്കാൻ സാധിക്കും. കോടതികൾ വേനൽ അവധിക്ക് പിരിയുന്നതുവരെ ഫീസ് സംബന്ധിച്ച നിർദ്ദേശം രേഖാമൂലം മാനേജ്മെന്റുകൾക്ക് നൽകാതിരിക്കാനാണ് നീക്കം. അതുവഴി മുഹമ്മദ് കമ്മിറ്റിയുടെ നിർദ്ദേശത്തിനെതിരെ കോടതിയെ സമീപിക്കുന്നത് വൈകിപ്പിക്കാൻ സാധിക്കും. ഫീസ് നിശ്ചയിക്കപ്പെട്ട സ്വാശ്രയ സ്ഥാപനങ്ങളുടെ പ്രതിനിധികൾ മുഹമ്മദ് കമ്മിറ്റിയുമായി ബന്ധപ്പെട്ടപ്പോൾ ആരോഗ്യവകുപ്പ് സെക്രട്ടറി ഉത്തരവിന്റെ കോപ്പി കൈമാറും എന്നാണ് മറുപടി നൽകിയത്. എന്നാൽ ആരോഗ്യവകുപ്പ് സെക്രട്ടറിക്കും ഇതേക്കുറിച്ച് വ്യക്തതയില്ല. വിദ്യാഭ്യാസവകുപ്പ് മന്ത്രിയുടെ ഓഫീസും ഇക്കാര്യം അറിഞ്ഞിരുന്നില്ല. ആരാണ് ഉത്തരവിന്റെ പകർപ്പ് സ്വാശ്രയ കോളേജുകൾക്ക് നൽകേണ്ടത് എന്ന കാര്യം അറിയാത്തതിനാൽ സ്വാശ്രയ മാനേജ്മെന്റ് സ്ഥാപനങ്ങളാണ് ഏറെ ബുദ്ധിമുട്ടിയിരിക്കുന്നത്.

ആറ് സ്വാശ്രയ മെഡിക്കൽ കോളേജുകൾക്ക് കഴിഞ്ഞ മാർച്ച് 24-ന് പി.എ മുഹമ്മദ് കമ്മിറ്റി നിർദ്ദേശിച്ച വാർഷിക ഫീസ് അംഗീകരിക്കാനാവില്ലെന്ന നിലപാടിലാണ് മാനേജ്മെന്റുകൾ. മാനേജ്മെന്റുകൾ സമർപ്പിച്ച വരവ്-ചിലവ് സംബന്ധിച്ച രേഖകൾ വിശദമായി പരിശോധിക്കാതെയാണ് മുഹമ്മദ് കമ്മിറ്റി ഫീസ് നിർദ്ദേശിച്ചിരിക്കുന്നതെന്നാണ് ആക്ഷേപം ഉയർന്നിരിക്കുന്നത്. ഒരു മെഡിക്കൽ വിദ്യാർത്ഥിക്കായി പ്രതിവർഷം നാലരലക്ഷത്തോളം രൂപ ചെലവഴിക്കുന്നതായി സർക്കാർ തന്നെ പറയുമ്പോൾ സ്വാശ്രയ മെഡിക്കൽ കോളേജുകൾക്കായി 2.40 ലക്ഷം രൂപ മുതൽ 2.58 രൂപ വരെ വാർഷിക ഫീസ് ആണ് മുഹമ്മദ് കമ്മിറ്റി നിശ്ചയിച്ചിരിക്കുന്നത്. കഴിഞ്ഞ വർഷം 1.30 ലക്ഷം രൂപ മുതൽ 1.32 ലക്ഷം രൂപ വരെയായിരുന്നു കമ്മിറ്റി നിശ്ചയിച്ചിരുന്ന വാർഷിക ഫീസ്. സർക്കാരുമായി കഴിഞ്ഞ വർഷം ധാരണയുണ്ടാക്കിയ മെഡിക്കൽ കോളേജുകളൊഴികെയുള്ളവയുടെ ഫീസാണു മുഹമ്മദ് കമ്മിറ്റി നിശ്ചയിച്ചത്.

### 05. കത്തോലിക്കരുടെ എണ്ണത്തിൽ വർദ്ധന: വത്തിക്കാൻ ഇയർ ബുക്ക്

ലോകകത്തോലിക്കാ ജനസംഖ്യയിൽ 1.4 ശതമാനം വർദ്ധന. വത്തിക്കാൻ പ്രസിദ്ധീകരിച്ച സഭയുടെ സ്റ്റാറ്റിസ്റ്റിക്കൽ ഇയർ ബുക്ക് 2008 എഡീഷനിലാണ് ഇക്കാര്യം രേഖപ്പെടുത്തിയിട്ടുള്ളത്. ഇയർ ബുക്ക് വത്തിക്കാൻ സ്റ്റേറ്റ് സെക്രട്ടറി കർദ്ദിനാൾ താർസീസിയെ ബെർടോൺ മാർപ്പാപ്പയ്ക്ക് സമർപ്പിച്ചു. 1.115 ബില്ല്യനായിരുന്ന കത്തോലിക്കാ ജനസംഖ്യ 1.131 ബില്ല്യനായി ഉയർന്നിട്ടുണ്ട്. വൈദികവിദ്യാർത്ഥികളുടെയും വൈദികരുടെയും എണ്ണത്തിലും നേരിയ വർദ്ധനവുണ്ട്. 2007-ൽ എട്ട് എപ്പിസ്ക്കോപ്പൽ സിംഹാസനങ്ങളും ഒരു അപ്പസ്റ്റോലിക് പ്രീഫെക്ച്ചറും രണ്ട് മെത്രാപ്പോലിത്തൻ സിംഹാസനങ്ങളും ഒരു അപ്പസ്തോലിക് വികാരിയേറ്റും രൂപീകരിച്ചിട്ടുണ്ട്.

**06. മദ്യനയത്തിനെതിരേ സെക്രട്ടേറിയറ്റിനു മുന്നിൽ ഉപവാസം.** (ദീപിക 01-04-2008)

മദ്യമുതലാളിമാർക്കുവേണ്ടി ജനങ്ങളെ കൊലയ്ക്കുകൊടുക്കുന്ന സർക്കാരിന്റെ പുതുക്കിയ മദ്യനയം തിരുത്തണം എന്നാവശ്യപ്പെട്ടുകൊണ്ട് കേരളത്തിലെ കത്തോലിക്കാ മെത്രാൻ സംഘത്തിന്റെ മദ്യവിരുദ്ധകമ്മീഷൻ അധ്യക്ഷൻ ബിഷപ് ഡോ. സെബാസ്റ്റ്യൻ തെക്കത്തേച്ചേരിലിന്റെ നേതൃത്വത്തിൽ മെത്രാൻമാരും വൈദീകരും കന്യാസ്ത്രീകളും അത്മായരും അടങ്ങുന്ന മദ്യവിരുദ്ധപ്രവർത്തകർ സെക്രട്ടേറിയറ്റിനു മുമ്പിൽ ഏകദിന ഉപവാസം നടത്തി. മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവ, തിരുവനന്തപുരം ലത്തീൻ ആർച്ച് ബിഷപ് ഡോ. എം. സൂസപാക്യം, നെയ്യാറ്റിൻകര മെത്രാൻ ഡോ. വിൻസന്റ് സാമുവൽ, മാവേലിക്കര ബിഷപ് ജോഷ്വാ മാർ ഇഗ്നാത്തിയോസ് തുടങ്ങിയവർ ഉപവാസത്തിനു നേതൃത്വം നൽകി. ഈ ഉപവാസസമരം ഏതെങ്കിലും ആനുകൂല്യം നേടാനല്ല, മറിച്ച് സർക്കാരിൽനിന്ന് ലഭിക്കേണ്ട നീതി ഉറപ്പാക്കുവാനാണ്-ഉപവാസം ഉദ്ഘാടനം ചെയ്തുകൊണ്ടു മലങ്കരസഭയുടെ മേജർ ആർച്ച് ബിഷപ് മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ ചൂണ്ടിക്കാട്ടി.

ഷാപ്പുകൾ കുറയണം, അതിനുപകരം സർക്കാർ അവസരങ്ങൾ കൂട്ടുന്നു. വിനാശകരമായ പ്രവണതയാണിത്. അനേകം കുടുംബങ്ങൾ തകരുന്നു. ആത്മഹത്യകൾ കൂടുന്നു. ജീവൻ സംരക്ഷിക്കാൻ ബാധ്യതയുള്ള സർക്കാർ തന്നെ അതു നശിപ്പിക്കുവാൻ ശ്രമിക്കുന്നു. ഇതനീതിയാണ്.ഇതിനു മാപ്പു സാക്ഷിയാകാൻ സഭയ്ക്കാവില്ല. സമൂഹത്തിന്റെ ആകെ നന്മയ്ക്കുവേണ്ടിയുള്ള പോരാട്ടമാണിത്. അബ്കാരി ഫ്രണ്ട്‌ലി സർക്കാരാണ് കേരളം ഭരിക്കുന്നത്. ബിഷപ് തെക്കത്തേച്ചേരിൽ പരിഹസിച്ചു. മനുഷ്യന്റെ വില അറിയാത്തവർ, പണം ഉണ്ടാക്കാൻവേണ്ടി ജീവൻ നശിപ്പിക്കുന്നവർ. ഈ നയത്തിന്റെ ലക്ഷ്യം എന്താണെന്നും നയം ആർക്കാണ് സഹായകമാകുന്നതെന്നും ആർക്കാണറിയാത്തത്?- ബിഷപ് ചോദിച്ചു.

**07. സി.ബി.എസ്.ഇ സ്കൂളുകളിൽ തുടങ്ങാൻ സംസ്ഥാന അനുമതി വേണ്ട.** (ദീപിക 05-04-2008)

സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ സ്കൂളുകൾ തുടങ്ങാൻ സംസ്ഥാന സർക്കാരിന്റെ എൻ.ഒ.സി ആവശ്യമില്ലെന്നു സുപ്രീം കോടതി. ഇതു സംബന്ധിച്ചു ഹൈക്കോടതി ഉത്തരവു ജസ്റ്റിസുമാരായ ബി.എൻ. അഗർവാൾ, ബി.എസ് സിംഗ്‌വി എന്നുവരടങ്ങിയ ഡിവിഷൻ ബഞ്ച് ശരിവച്ചു. ഹൈക്കോടതി വിധിക്കെതിരെ സംസ്ഥാനസർക്കാർ നല്കിയ അപ്പീൽ സുപ്രീം കോടതി തള്ളുകയായിരുന്നു. അഞ്ചു പിന്നോക്ക ജില്ലകളിൽ മാത്രം സി.ബി.എസ്.ഇ സ്കൂളുകൾ അനുവദിച്ചാൽ മതിയെന്ന 2005-ലെ സംസ്ഥാനസർക്കാരിന്റെ ഉത്തരവിനെതിരെയാണ് ചില സ്വകാര്യ മാനേജ്മെന്റുകൾ കോടതിയെ സമീപിച്ചത്.

❖❖❖❖❖